(ബി) ഉണ്ടെങ്കിൽ എന്താണ്;

(സി) എന്താണ് ചട്ടങ്ങൾ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

സൈന്യസംയോജനം

* ൪൨൩. (൪) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവു മറുപടി നല്കുമോ.—

(എ) സാംസ്ഥാനിക സൈന്യം ഇൻഡ്യാഗവൺമെണ്ടു് ഏറ്റെടുത്തതുമൂലം എത്രപേരെ സൈന്യത്തിൽ നിന്നും പരിച്ചുവിട്ടു;

(ബി) എത്രപേർക്ക് മറ്റു ഉദ്യോഗങ്ങൾ കൊടുത്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൦ ആഫീസന്മാരെയും ൧൪൫ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരെയും പിരിച്ചുവിട്ടുകഴിഞ്ഞു. കൂടാതെ മറ്റു ആഫീസറന്മാരെയും, താഴ്ന്ന ഉദ്യോഗസ്ഥന്മാരെയും അടുത്തുതന്നെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അറിയുന്നു.

(ബി) പിരിച്ചു വിട്ടവരിൽ ൧൦ ആഫീസറന്മാർക്കും നൂറിൽ കൂടുതൽ ശിപായിമാർക്കും മറ്റുദ്യോഗങ്ങൾ ഇതിനകം കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ കേശവമേനോൻ

* ൪൨൪. (൫) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവു മറുപടി പറയുമോ.—

(എ) ഡി. ഐ. ജി. മിസ്റ്റർ കേശവമേനോൻ ഇപ്പോൾ സർവ്വീസിലുണ്ടോ;

(ബി) എന്നു അദ്ദേഹത്തെ നിയമിച്ചു; എന്നു പിരിച്ചുവിട്ടു;

(സി) എന്തായിരുന്നു അദ്ദേഹത്തിന്റെ ജോലി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ൧൯൪൭ ൽ നിയമിച്ചു. ൧൯൪൯ മുതൽ മദ്രാസു് ഗവൺമെണ്ടു സർവ്വീലിലേക്കു തിരിയെ അയച്ചു.

(സി) ഇവിടെ അദ്ദേഹം ഐ. ഐ. ജി. യുടെ ജോലികളാണു് നോക്കിയിരുന്നതു്. കുറ്റ്യാടികാലം ശബരിമലക്ഷേത്രം തിരുവയ്പു സംബന്ധിച്ചു കേസും അന്വേഷിക്കുകയുണ്ടായി.

CERAMIC FACTORY

*525. [8] Sri. K. Ramachandran: Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

(a) how far the installation of an electric furnace at Ceramic Factory has progressed;

(b) whether Government contemplate to effect considerable retrenchment in the Ceramic Factory;

(c) quantity of clay exported in 1950 from the factory and the rate sold?

LIBRARY ARCHIVES Kerala Legislative Assembly

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Work in connection with the installation of the Electric Tunnel Kiln at the Ceramic Factory is in progress. The required machinery is being received. The land on which the machinery is to be installed has been acquired and the construction of buildings necessary for the purpose will be taken up soon.

(*b*) Yes, as recommended by the Court of Enquiry.

(*c*) 1509 tons and 14 cwts.

The following are the rates at which China clay was sold.—

1st China clay Rs. 90 to Rs. 100 per ton F. O. R. Kundara.

Special quality China clay Rs. 100 to Rs. 130 per ton F. O. R. Kundara.

Powdered China clay Rs. 120 to Rs. 160 per ton F. O. R. Kundara.

The prices mentioned above do not include gunny bags and Sales Tax.

മന്ത്രിമാരുടെ വകുപ്പു മാറിയതിനുള്ള കാരണം

* ൪൨൩. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

൧൯൫൯ ഫെ ൫ ജനുവരി ൧൬-ാം തു- കൂടിയ മന്ത്രിസഭയിൽ വച്ചു് ചില മന്ത്രിമാരിൽനിന്നു ചില വകുപ്പുകൾ മറ്റു മന്ത്രിമാർ എടുക്കുകയും ചില വകുപ്പുകൾ പകരം വിട്ടുകൊടുക്കുകയും ചെയ്തതായി കാണുന്നതു്, പ്രസ്തുത വകുപ്പുകളുടെ ചാർജ്ജുവഹിക്കുന്ന മന്ത്രിമാർ അവരുടെ ചാർജ്ജു് സ്വയം വിട്ടതാണോ അതോ ബലമായി എടുത്തതാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇന്നത്തെ പരിതഃസ്ഥിതികളിൽ ഭക്ഷ്യോല്പാദന വികസനം, ഭക്ഷ്യസംഭരണം വിതരണം മുതലായ പരിപാടികൾക്കു മുൻഗണന നൽകണമെന്നുള്ള കേന്ദ്രഗവണ്മെണ്ടിന്റെ തീരുമാനത്തെ ആദരിച്ചു് ആ വകുപ്പുകളുടെ നിയന്ത്രണം കൂടുതൽ സൌകര്യപ്രദവും ആ വകുപ്പുകൾ എല്ലാം ഒരു മന്ത്രിയുടെ മുമതലയിൽ തന്നെ ഇരിക്കുന്നതിനായിട്ടുമാണു് മന്ത്രിമാരുടെ വകുപ്പുകളിൽ ചില മാറ്റങ്ങൾ വരുത്തിയതു്.

ഈ ഭേദഗതികൾ വരുത്തിയതു് ടി വകുപ്പുകളുടെ മുമതല വഹിക്കുന്ന മന്ത്രിമാരുടെ പൂർണ്ണ അംഗീകാരത്തോടു കൂടിയുമാണു്.

ഭരണിപ്പാട്ടും പൂരപ്പാട്ടും

* ൪൨൪. (൧൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചിയിലെ ചില ക്ഷേത്രങ്ങളിൽ ഭരണിപ്പാട്ടും പൂരപ്പാട്ടും ഇപ്പോഴും നടത്തിവരുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഉണ്ടു്.

പോലീസ് കാവൽ

* ൪൨൫. (൧൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

തീവയ്പും നശീകരണശ്രമവും നടത്തിയിട്ടുള്ള ഏതെങ്കിലും ക്ഷേത്രത്തിൽ പോലീസിനെ കാവൽ ഇട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly